പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3515 — 30.01.2014 ലെ മറുപടിയ്ക്ക്

കായികതാരങ്ങളുടെ തൊഴിൽസാധ്യത

ചോദ്യം — ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ) ദേശീയ-സംസ്ഥാനതലങ്ങളിൽ കായിക മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള കായികതാരങ്ങളിൽ പലരും ജോലിയില്ലാതെ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br><br>(ബി) ഇവർക്കുള്ള തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) ആന്റ് (ബി)<br>കായികതാരങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം നിലവിൽ ഒരു വർഷം 50 കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ വിവിധ തസ്തികകളിൽ നിയമനം നൽകുന്നുണ്ട്. ഇതുകൂടാതെ, കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷകളിൽ അവരുടെ നേട്ടങ്ങൾക്ക് ആനുപാതികമായി പരമാവധി 30 ശതമാനം വരെ ഗ്രേസ് മാർക്കും നൽകുന്നുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) പൊതുഭരണ വകുപ്പിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 112 കായിക താരങ്ങൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിനു പുറമേ കായിക യുവജനകാര്യ വകുപ്പിൽ നിന്നും 2 പേർക്ക് ജോലി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ